# ബയോഡൈവേഴ്സിറ്റി ക്ലബ്ബ്

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ജൈവവൈവിധ്യ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുവാൻ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. സർവ്വകലാശാല കാമ്പസു കൾ, കോളേജുകൾ തുടങ്ങി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, ഹയർ സെക്കന്ററിസ്കൂൾ, ഹൈസ്കൂൾ, യു.പി സ്കൂൾ തലത്തിലും, ഈ ക്ലബ്ബുകൾ ബി.എം.സി.കളുമായി ചേർന്ന് അവ സ്ഥിതി ചെയ്യുന്ന പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തും.

ജൈവവൈവിധ്യ പരിപാലന സമിതികളുമായി (ബി.എം.സി) സംയോജിച്ച് ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ ജൈവവൈവിധ്യ ആക്ടുകൾ പ്രകാരമുള്ള തദ്ദേശീയമായ ജൈവവൈവിധ്യ പരിപാടികൾ ആവിഷ്കരിക്കുന്നതിനാണ് മുൻതൂക്കം നൽകുന്നത്. കൂടാതെ ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ മുഖ്യപ്രവർത്തനങ്ങളിൽ ഒന്നാണ് "ശാന്തിസ്ഥൽ" സ്ഥാപിക്കുക എന്നത്. ശാന്തിസ്ഥൽ തത്വത്തിൽ ഒരു മനുഷ്യ നിർമ്മിതമായ വന ജൈവവൈവിധ്യ കേന്ദ്രമാണ്. കുറഞ്ഞത് പത്തോ അതിൽ കൂടുതലോ സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത്, അപൂർവ്വവും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, വംശനാശ ഭീഷണി (RET - Rare, Endangered, Threatened) നേരിടുന്നതുമായ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിച്ച് കാലാന്തരത്തിൽ ഈ പ്രദേശം അപൂർവ്വയിനം സസ്യങ്ങളുടെ ജൈവസമുച്ചമായി വികസിപ്പിച്ചെടുത്ത്, മനുഷ്യ ഇടപെടൽ ഒഴിവാക്കി ആപൂർവ്വമായ ജീവജാലങ്ങ ളുടെ ജൈവവൈവിധ്യ സമ്പുഷ്ടമായ ഒരു തനത് ആവാസകേന്ദ്രമാക്കി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ലക്ഷ്യം.

**ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ പ്രധാന ഉത്തരവാദിത്വങ്ങളും/ ചുമതലകളും**

- ബി.എം.സിയോട് ചേർന്ന് ജൈവവൈവിധ്യ പഠന സർവ്വേകൾ നടത്തുക
- ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാവുക
- പ്രാദേശിക ജൈവവൈവിധ്യം തിട്ടപ്പെടുത്തുവാനും, ജൈവവൈവിധ്യ വിഭവങ്ങളുടെ നീതി പൂർവ്വമായ പങ്കുവെയ്ക്കലിനും ഉപഭോഗത്തിനും ബി.എം.സി യെ സഹായിക്കുക
- ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട തദ്ദേശീയ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്ക രണ പരിപാടികൾ സംഘടിപ്പിക്കുക. സമൂഹത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തെക്കു റിച്ച് അവബോധം സൃഷ്ടിക്കാൻ ക്ലബ്ബംഗങ്ങളെ തയ്യാറെടുപ്പിക്കുക.
- ബി.എം.സി നിർദ്ദേശിക്കുന്ന ജൈവവൈവിധ്യ പരിപാലന പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.

**ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ ഭരണ ക്രമീകരണം**

സ്കൂൾ (UP,HS,HSS) ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ രക്ഷാധികാരിയായും, ജൈവവൈവിധ്യ പഠന- സംരക്ഷണ- ബോധവൽക്കരണ മേഖലയിൽ പരിചയ സമ്പത്തുള്ള ഒരു അദ്ധ്യാപകൻ കോഓർഡി നേറ്ററായും, മൂന്ന് അദ്ധ്യാപകരും, ഒരു പി.റ്റി.എ അംഗവും, രണ്ട് വിദ്യാർത്ഥി പ്രതിനിധികളും അടങ്ങുന്നതുമായിരിക്കും എക്സിക്യൂട്ടീവ് കമ്മിറ്റി.

ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ യോഗങ്ങളിൽ ജൈവവൈവിധ്യ ബോർഡ് ജില്ലാകോഓർഡിനേറ്റർ, ബി.എം.സി. അംഗങ്ങൾ, സ്ഥലത്തെ കൃഷി ഓഫീസർ, വനംവകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

അൻപതിൽ കുറയാത്ത കുട്ടികൾ അംഗങ്ങളായി ഉണ്ടായിരിക്കണം.

**സാമ്പത്തിക സഹായം**

തുടക്കത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ വഴി ശാന്തിസ്ഥൽ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നതാണ്. കൂടാതെ നൂതനമായ ആശയങ്ങളും കർമ്മ പരിപാടികളും ഉൾക്കൊള്ളുന്ന പദ്ധതികളുടെ നടത്തിപ്പിന്, സർക്കാർ അംഗീകാരത്തിനു വിധേയ മായി ധനസഹായം പ്രതീക്ഷിക്കാവുന്നതാണ്.